**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. V. VIGNESHWARI. IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ് –മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:

1. സാമൂഹ്യ നീതി ഡയറക്ടറുടെ 15/12/2027 തീയതിയിലെ ICDS/A7-16237/15 നമ്പർ ഉത്തരവ്.
2. കേന്ദ്രസർക്കാരിന്റെ 31/03/2023 തീയതിയിലെ CD-II-14/36/2022-CD-II നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം 340/2023/WCDD തീയതി. 13/06/2023.
4. ഈ കാര്യാലയത്തിലെ 14.06.2023 തീയതികളിലെ ഇതേ നമ്പർ ഉത്തരവ്.
5. വിവിധ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായ അപേക്ഷകൾ.
6. ഈ കാര്യാലയത്തിലെ 02.12.2023, 04.03.2024, 16.08.2024, 06.01.2025, 06.06.2025 തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.

<u>ഉത്തരവ് നം: DWCD/1999/2023-ICDSA7 തീയതി: 14-06-2026</u>

വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകുകയും ആദ്യ ഘട്ടമായി സംസ്ഥാന സർക്കാർ 720 അങ്കണവാടി കെട്ടിടങ്ങളുടെ തുകയായ 14.40 കോടി രൂപ അനുവദിക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS വിഹിതവും 2 ലക്ഷം രൂപ 60:40 ആനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ശേഷിക്കുന്ന തുക ബന്ധപ്പെട്ട LSGD സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. സക്ഷം പദ്ധതിയുടെ പുതുക്കിയ കോസ്റ്റ്നോംസ് പ്രകാരം MGNREGA യുമായി സംയോജിപ്പിച്ച് ഒരു അങ്കണവാടി കെട്ടിടനിർമ്മാണത്തിന് 8 ലക്ഷം രൂപ MGNREGA വിഹിതവും, 2 ലക്ഷം രൂപ ഫിനാൻസ് കമ്മീഷൻ ഫണ്ടും (any other untied funds), 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളും വഹിക്കുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. ആയത് പ്രകാരം ആദ്യഘട്ടമായി അനുവദിച്ച 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് വിഹിതമായി 2 ലക്ഷം രൂപ നിരക്കിലുള്ള 14.40 കോടി രൂപ MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ട് നം 799011400000486 ലേക്ക് നിക്ഷേപിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി വിവിധ ഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. പരാമർശം (2) പ്രകാരം രണ്ടാം ഘട്ടമായി അനുവദിച്ച 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ കേന്ദ്ര വിഹിതമായ 1,68,00,000/- രൂപയും

സംസ്ഥാനവിഹിതമായ 1,12,00,000/- രൂപയും ചേർത്ത് ആകെ 2,80,00,000 (രണ്ട് കോടി എൺപത് ലക്ഷം രൂപ) വിനിയോഗിച്ച് 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള ഭരണാനുമതി പരാമർശം (3) പ്രകാരം ലഭിക്കുകയും പ്രസ്തുത തുക MGNREGA സ്കീമിനായി (scheme code KL 257) IDBI ബാങ്കിൽ വനിതശിശുവികസന ഡയറക്ടറുടെ SNA അക്കൗണ്ടിൽ (Account no 0889104000111751) പരാമർശം (4) പ്രകാരം നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. MGNREGA പദ്ധതി പ്രകാരമുള്ള അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്.

വിവിധ ജില്ലകളിൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം കെട്ടിട നിർമ്മാണാനുമതി ആവശ്യപ്പെട്ടുകൊണ്ടും, വിവിധ കാരണങ്ങളാൽ കെട്ടിട നിർമ്മാണം സാധ്യമാവാത്ത അങ്കണവാടികളെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനും പരാമർശം (5) പ്രകാരം പ്രോഗ്രാം ഓഫീസർമാർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (6) പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകിയതിൽ ഉൾപ്പെട്ട 7 അങ്കണവാടികളുടെ നിർമ്മാണ അനുമതി റദ്ദ് ചെയ്യും പകരം പുതിയ 7 അങ്കണവാടികൾക്ക് ചുവടെ ചേർക്കും പ്രകാരം നിർമ്മാണ അനുമതി നൽകിയും ഉത്തരവാകുന്നു.

| | കെട്ടിട നിർമ്മാണ അനുമതി റദ്ദ് ചെയ്യുന്ന അങ്കണവാടികൾ | | | | പകരം കെട്ടിട നിർമ്മാണ അനുമതി നൽകുന്ന അങ്കണവാടികൾ | | | |
|---|---|---|---|---|---|---|---|---|
| ക്രമനം | ജില്ല | പ്രോജക്ട് | പഞ്ചായത്ത് | സെ. നം | ജില്ല | പ്രോജക്ട് | പഞ്ചായത്ത് | സെ. നം |
| 1 | കോട്ടയം | ഉഴവൂർ | കാണക്കാരി | 105 | തിരുവനന്തപുരം | നേമം | ബാലരാമപുരം | 18 |
| 2 | ഇടുക്കി | ഇളംദേശം | ആലക്കോട് | 107 | ഇടുക്കി | കട്ടപ്പന അഡീഷണൽ | ഇരട്ടയാർ | 82 |
| 3 | എറണാകുളം | കോതമംഗലം അഡീഷണൽ | പൈങ്ങോട്ടൂർ | 73 | എറണാകുളം | ആലങ്ങാട് | കടുങ്ങല്ലൂർ | 52 |
| 4 | തൃശ്ശൂർ | ഒല്ലൂക്കര | നടത്തറ | 156 | പാലക്കാട് | പട്ടാമ്പി | ഓങ്ങല്ലൂർ | 19 |
| 5 | തൃശ്ശൂർ | മതിലകം | കൈപ്പമംഗലം | 44 | ആലപ്പുഴ | ഭരണിക്കാവ് | താമരക്കുളം | 116 |
| 6 | തൃശ്ശൂർ | തളിക്കുളം | വാടാനപ്പള്ളി | 22 | കോഴിക്കോട് | കൊടുവള്ളി | താമരശ്ശേരി | 115 |
| 7 | വയനാട് | കല്പറ്റ അഡീഷണൽ | വൈത്തിരി | 131 | കോഴിക്കോട് | കൊടുവള്ളി | [illegible] | 76 |

മേൽ 7 അങ്കണവാടികൾ നിർമ്മിക്കുന്നതിനാവശ്യമായ തുകയിലേക്കുള്ള വകുപ്പ് വിഹിതമായ 14,00,000/-(പതിനാല്പ ലക്ഷം രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിനും ഉത്തരാവകുന്നു.

ടി അങ്കണവാടികളുടെ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ MGNREGS മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട CDPO-മാർ നിർമ്മാണ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

പരാമർശം (6) ഉത്തരവുകൾ മേൽ ഭേതഗതിയോടെ നിലനിൽക്കുന്നതാണ്.

മിഷൻ ഡയറക്ടർ
MGNREGS
തിരുവനന്തപുരം

(V. VIGNESHWARI. IAS)
**വനിത ശിശുവികസന ഡയറക്ടർ**

പകർപ്പ് :

1. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്
2. ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്